നമ്പർ : ICPS 2/14136/2018

സംയോജിത ശിശു സംരക്ഷണ പദ്ധതി
വനിതാ ശിശു വികസന വകുപ്പ്
പൂജപ്പുര, തിരുവനന്തപുരം
തീയതി : 11/07/2018

# സർക്കുലർ

വിഷയം : വനിതാ ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - 2018-19 സാമ്പത്തിക വർഷം ഗവ ചിൽഡ്രൻസ് ഹോം, ഗവ ഒബ്സർവേഷൻ ഹോം, ബാലാവികലാംഗസദനം, എച്ച്.എം.ഡി.സി, ആഫ്റ്റർ കെയർ ഹോം എന്നീ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ഓണക്കോടി വാങ്ങുന്നത് സംബന്ധിച്ച്

സൂചന : 21/06/2018-ലെ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം.

സംസ്ഥാനത്തെ ഗവ ചിൽഡ്രൻസ് ഹോമുകൾ, ഗവ ഒബ്സർവേഷൻ ഹോമുകൾ, HMDC, ബാലാവികലാംഗസദനങ്ങൾ, ആഫ്റ്റർ കെയർ ഹോമുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് എല്ലാ വർഷവും ഓണക്കോടി വാങ്ങുന്നതിന് ഫണ്ട് അനുവദിക്കാറുണ്ട്. നടപ്പു സാമ്പത്തിക വർഷം ഓണക്കോടി വാങ്ങുന്നതിന് ഒരു കുട്ടിക്ക് 2,000/-രൂപ വരെ ചെലവഴിക്കുന്നതിന് സൂചനപ്രകാരം ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ തീരുമാനിച്ചിട്ടുണ്ട്.

ടി സാഹചര്യത്തിൽ ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം, ബാലാവികലാംഗസദനം, എച്ച്.എം.ഡി.സി, ആഫ്റ്റർ കെയർ ഹോം തുടങ്ങിയ സ്ഥാപനങ്ങളിലെ സൂപ്രണ്ടുമാർ അതാത് സ്ഥാപനങ്ങളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഓണക്കോടി ഇനത്തിൽ കളർ ഡ്രസ്സ്, ചെരുപ്പ് എന്നിവ വാങ്ങുന്നതിന് ഹാൻറക്സ്, ഹാൻവീവ്, ഗവ അംഗീകൃത കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള ഇൻവോയിസ്/ക്വട്ടേഷൻ നടപടികൾ മുഖാന്തിരമോ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്. പ്രൊപ്പോസലുകൾ icpskerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും സാധാരണ തപാലിലും അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. ഓണക്കോടി വാങ്ങുമ്പോൾ സൂപ്രണ്ടുമാർ ഈ കാര്യാലയത്തിൽ നിന്നും 10.09.2013-ൽ നൽകിയ PDMC-2/33057/2013 എന്ന സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. കഴിഞ്ഞ സാമ്പത്തിക വർഷം കുട്ടികൾക്കായി ഓണക്കോടി വാങ്ങിച്ചതിനുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെൻറ് എന്നിവ ഇതിനകം അയച്ചു തന്നിട്ടില്ലെങ്കിൽ, പ്രസ്തുത സർട്ടിഫിക്കേറ്റുകൾ കൂടി പ്രൊപ്പോസലിനോടൊപ്പം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

വനിതാ ശിശു വികസന വകുപ്പ്
ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ ചിൽഡ്രൻസ് ഹോം, ഗവ ഒബ്സർവേഷൻ ഹോം,
ഗവ ബാലാവികലാംഗസദനം, എച്ച്.എം.ഡി.സി/
ഗവ ആഫ്റ്റർ കെയർ ഹോം സൂപ്രണ്ടുമാർക്കും